**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2793** | **28-02-2023 - ൽ മറുപടിയ്ക്ക്**

**പരിസ്ഥിതി ലോല മേഖല ഭൂപടത്തിൽ നിന്നും വിട്ടുപോയ നിർമ്മിതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പരിസ്ഥിതി ലോല മേഖല ഭൂപടത്തിൽ നിന്നും വിട്ടുപോയ നിർമ്മിതികൾ സംബന്ധിച്ച് ലഭിച്ച പരാതികളുടെയും സർവേയുടേയും ഭാഗമായി പുതുക്കിയ ഭൂപടം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ആയത് സുപ്രീം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധികരിച്ച ഭൂപടങ്ങളിൽ വിട്ടുപോയ നിർമ്മിതികൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിനായി ജനുവരി 7 വരെ സമയം അനുവദിച്ചിരുന്നു. അപ്രകാരം ലഭിച്ച പരാതികൾ ഉൾപ്പെടെ ഈ വിഷയം സംബന്ധിച്ച എല്ലാ രേഖകളും ഇത് സംബന്ധിച്ച് രൂപീകരിച്ച വിദഗ്ധ സമിതി പരിശോധിച്ച് കൊണ്ട് സർക്കാരിലേക്ക് നൽകുന്നതിനുള്ള അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. |
| (ബി) | ഫീൽഡ് സർവേ വഴി തയ്യാറാക്കിയ റിപ്പോർട്ടിൽ, ഉപഗ്രഹ ചിത്രങ്ങൾ മുഖാന്തരം തയ്യാറാക്കിയ റിപ്പോർട്ടിൽ ഉള്ളതിനേക്കാൾ കൂടുതൽ നിർമ്മിതികൾ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ എന്തെല്ലാം അധികവിവരങ്ങളാണ് പുതിയ ഭൂപടത്തിൽ ഉൾപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഭൗതിക സ്ഥല പരിശോധന നടത്തുന്നതിനായി നിയമിച്ച വിദഗ്ധ സമിതിയുടെ പ്രവർത്തനം അവസാനഘട്ടത്തിലാണ്. വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ഇത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ